# നവകേരളം കർമ്മ പദ്ധതി ദ്വിദിന ശില്പശാല  2018 ഓഗസ്റ്റ് 2,3 തീയതികളില് തിരുവനന്തപുരത്ത് നാലാഞ്ചിറയിലെ ഗിരിദീപം കൺവെൻഷൻ സെൻററില് വച്ച് നടത്തുന്നു.

സംസ്ഥാന സർക്കാര് മൂന്നാം വർഷത്തിലേക്ക് വിജയാരവങ്ങളോടെ മുന്നേറുന്ന ഈ ധന്യവേളയില് നവകേരളം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യേത്താടെ നടപ്പാക്കിവരുന്ന ജനകീയ മിഷനുകളുടെ പ്രവർത്തനം സജീവമായി പുരോഗമിക്കുകയാണ്. കേരളത്തെ ഹരിതാഭമാക്കാനുള്ള ഹരിതകേരളം, വിദ്യാഭ്യാസ ഉന്നതിക്ക് ഉതകുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, പാർപ്പിട സ്വപ്നങ്ങള് പൂവണിയിക്കുന്ന ലൈഫ്, ആരോഗ്യസമ്പുഷ്ട സമൂഹത്ത സൃഷ്ടിക്കുന്ന ആർദ്രം എന്നീ നാല് മിഷനുകളുടെ പ്രവർത്തനം ഒന്നര വർഷം പിന്നിട്ടിരിക്കുന്നു. ഏതൊരു പദ്ധതിയുടെയും ആത്യന്തിക ഗുണഭോക്താവ് സാധാരണക്കാരനാകുമ്പോഴാണ് ആ പദ്ധതി സാർത്ഥകമായി എന്ന് നമുക്ക് പറയാനും വിലയിരുത്താനുമാകുക. ആ അർത്ഥത്തിൽ നാല് മിഷനുകളും അതിൻറെ ലക്ഷ്യപ്രാപ്തിയിലേക്കാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഈ മഹത്സംരംഭങ്ങളുടെ വാർഷിക അവലോകനം നടത്തുന്നതിനും ഭാവിപരിപാടികള് ചിട്ടപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷരുടെയും വകുപ്പുതല ചുമതലക്കാരുടെയും വികസന സ്ഥാപനമേധാവികളുടെയും ദ്വിദിന ശില്പശാല 2018 ഓഗസ്റ്റ് 2,3 തീയതികളിൽ തിരുവനന്തപുരത്ത് നാലാഞ്ചിറയിലെ ഗിരിദീപം കൺവെൻഷൻ സെൻററില് വച്ച് നടത്തുന്നു.

http://webapp.ikm.gov.in/navakeralam/

**രജിസ്റ്റർ ചെയ്യേണ്ട അവസാന തീയ്യതി 25/07/2018**